"ഭരണഭാഷ-മാതൃഭാഷ"

## തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
## ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം
## നഗരാസൂത്രകന്റെ നടപടിക്രമം

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം കോട്ടയം - കുറിച്ചി ഗ്രാമപഞ്ചായത്ത് - പുതിയ നിർമ്മാണത്തിനും, നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ക്രമവൽക്കരിക്കുന്നതിനും, പ്ലോട്ടിൻറെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നല്കി ഉത്തരവാകുന്നു.

**പരാമർശം** : 1. ഗ്രാമപഞ്ചായത്ത് സെക്രട്ടറി യുടെ 18.08.2021, 07.02.2022 എന്നീ തീയതികളിലെ യഥാക്രമം എ 4-2589/2021, എ 4/303/2022 എന്നീ നമ്പർ കത്തുകൾ.

2. ഈ കാര്യാലയത്തിലെ 14.09.2021, 13.09.2021 എന്നീ തീയതികളിലെ യഥാക്രമം TCPKTM/392/2021-C, TCPKTM/407/2021-C എന്നീ നമ്പർ കത്തുകൾ

3. സ്വാമി സച്ചിദാനന്ദ, പ്രസിഡന്റ്, ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ്, ശിവഗിരി മഠം, വർക്കല - 695141 ൻറെ 15.1.2022 ലെ അപേക്ഷ

---

ഉത്തരവ് നമ്പർ : **TCPKTM/117/2022-C** തീയതി : **22/02/2022**

---

കുറിച്ചി ഗ്രാമ പഞ്ചായത്ത്, കുറിച്ചി വില്ലേജിൽ റീ-സർവേ നമ്പർ 322/1, 01 എന്നിവയിൽ ഉൾപ്പെട്ട 2 ഹെക്ടർ 18 ആർ 25 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതും നിലവിൽ സ്കൂൾ, ആശ്രമം എന്നിവ പ്രവർത്തിക്കുന്നതുമായ പ്ലോട്ടിൽ 2117.12 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള (Built up area) ഹയർ സെക്കണ്ടറി സ്കൂൾ (Group B Educational Occupancy) കെട്ടിടം (Basement floor + Ground floor + First Floor + Second floor + Terrace floor) ക്രമവൽക്കരിക്കുന്നതിനും, പുതിയതായി 3136.68 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള (Built up area) സ്കൂൾ (Group B Educational Occupancy) കെട്ടിടം (Ground floor + First Floor + Second floor + Terrace floor) നിർമ്മിക്കുന്നതിനും സ്വാമി സച്ചിദാനന്ദ, പ്രസിഡന്റ്, ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ്, ശിവഗിരി മഠം, വർക്കല - 695141, പ്ലോട്ടിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ട് അനുമതിക്കുമായി അപേക്ഷിച്ചിട്ടുള്ളത്.

പ്ലോട്ടിൽ നിലനിർത്തുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം (Built up area) 854.39 ചതുരശ്ര മീറ്റർ ആകുന്നു. നിലനിർത്തുന്ന കെട്ടിടങ്ങൾ, ക്രമവത്കരിക്കേണ്ട കെട്ടിടങ്ങൾ, നിർദ്ദിഷ്ട കെട്ടിടങ്ങൾ എന്നിവയുൾപ്പെടെ പ്ലോട്ടിലെ കെട്ടിടങ്ങളുടെ ആകെ വിസ്തീർണം (Built up area) 6108.19 ചതുരശ്ര മീറ്റർ ആകുന്നു.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 (KPBR-2019), ചട്ടം 5(6),

ചട്ടം 30 എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പുതിയ നിർമ്മാണത്തിനും, നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ക്രമവൽക്കരിക്കുന്നതിനും, പ്ലോട്ടിൻറെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 (KPBR-2019) ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.
2. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019), ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന സർവ്വേ നമ്പറുകൾ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ ഉടമസ്ഥാവകാശം, നിർമ്മാണ അവകാശം തുടങ്ങിയവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരളാ ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. കട്ടിങ് ആൻഡ് ഫില്ലിംഗ് പ്രവൃത്തികൾക്ക്, ആവശ്യമെങ്കിൽ, ബന്ധപ്പെട്ട വകുപ്പിൽ നിന്ന് അനുമതി നേടിയിരിക്കണം.
5. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019), ചട്ടങ്ങൾ പ്രകാരം ആവശ്യമായ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും സെക്രട്ടറി ഉറപ്പാക്കണം.
6. പാർക്കിംഗ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019), ചട്ടം 29 പാലിച്ചുകൊണ്ട് Car parking, Two wheeler Parking, drive way എന്നിവ സജ്ജമാക്കേണ്ടതാണ്.
7. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019), അധ്യായം-XX ലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ക്രമവൽക്കരിക്കേണ്ടതാണ്.
8. നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019) നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി കുറിച്ചി ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച പ്ലാൻ (1) ഉള്ളടക്കം ചെയ്യുന്നു.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. **08/2022/KTYM**)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി,**
കുറിച്ചി ഗ്രാമപഞ്ചായത്ത് (അംഗീകരിച്ച പ്ലാൻ സഹിതം)

പകർപ്പ് :

1. സ്വാമി സച്ചിദാനന്ദ, പ്രസിഡന്റ്, ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ്, ശിവഗിരി മഠം, വർക്കല - 695141
2. കരുതൽ ഫയൽ 3. അധികം -1

S21022022

DESPATCHED
Date. 22/2/22